പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6815 13.7.2012 ൽ മറുപടിക്ക്

## മൊബൈൽ ബ്ലഡ് ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ :<br>ശ്രീ.ബാബു. എം.പാലിശ്ശേരി :<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ രക്തബാങ്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ; | (എ) സർക്കാർ ആശുപത്രികളി ലെ ബ്ലഡ് ബാങ്കുകൾ പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഓരോ മാസവും 5 ബ്ലഡ് ബാങ്കുകളെങ്കിലും പരിശോധിക്കുന്നുണ്ട്. കൂടാതെ പുതുക്കൽ അപേക്ഷയും, പുതിയ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനുള്ള അപേക്ഷയും പരിഗണിക്കുന്നതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള Central Drugs Standard Control Organisation (CDSCO) നിന്നുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാനത്തിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാരും ചേർന്ന് ഇൻസ്പെക്ഷൻ നടത്താറുണ്ട്. ക്രമക്കേടുകൾ യഥാസമയം Director of Health Service/Director of Medical Education നെ അറിയിക്കാറുണ്ട്. |
| (ബി)വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് സർക്കാർ രക്തബാങ്കുകളുടെ നവീകരണവും വ്യാപനവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) മികച്ച പ്രവർത്തനശേഷിയും രക്തത്തിന്റെ വർദ്ധിച്ച ആവശ്യവുമുള്ള സർക്കാർ രക്തബാങ്കുകളെ നവീകരിച്ച് രക്ത ഘടക വേർതിരിക്കൽ യൂണിറ്റുകളായി ഉയർത്തുകയും രക്ത സംഭരണ ശേഷി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ വർഷം 10 രക്തബാങ്കുകളെ രക്ത ഘടക വേർതിരിക്കൽ യൂണിറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഇതിനോടകം 6 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്. 4 എണ്ണം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി)ബ്ലഡ് ബാങ്കിന്റെയും ശേഖരിക്കുന്ന രക്തത്തിന്റെയും ഗുണനിലവാരം, ശുചിത്വം എന്നിവ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) പൂർണ്ണമായും അണുവിമുക്തമായ സാഹചര്യങ്ങളിലും അണുവിമുക്തമായ ഉപകരണങ്ങൾ ഉപയോഗിച്ചുമാണ് ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നത്. കൂടാതെ ഒരു രക്ത ദാതാവിൽ നിന്നും സ്വീകരിക്കുന്ന രക്തം - എച്ച്.ഐ.വി, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, മലേറിയ, സിഫിലിസ് - തുടങ്ങിയ 5 പരിശോധനകൾക്ക് വിധേയമാക്കി നെഗറ്റീവ് ഫലം കിട്ടിയാൽ മാത്രമേ സ്വീകർത്താവിന് നൽകുകയുള്ളൂ. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് അനുസരിച്ചും ഉത്തമ നിർമ്മാണ പ്രക്രിയ (GMP)/ ഉത്തമ ലബോറട്ടറി പ്രക്രിയ (GLP)നിലവാരം അനുസരിച്ചുമാണ് ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്റ്റേറ്റ് ബ്ലഡ് ബാങ്ക് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ (SBTC) സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) രക്തദാതാക്കളുടെ എണ്ണത്തിൽ വൻകുറവ് വന്നുകൊണ്ടിരിക്കുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ഡി) യുവജനങ്ങളുടെ ഇടയിൽ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കോളേജുകളിൽ റെഡ് റിബൺ ക്ലബ്ബുകൾ വഴി പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ ജീവനക്കാർക്കിടയിൽ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി രക്തദാനം ചെയ്യുന്ന ജീവനക്കാർക്ക് പ്രതിവർഷം പരമാവധി രണ്ട് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ട്.<br>ലോക രക്ത ദിനം, ദേശീയ രക്ത ദിനം എന്നീ ദിവസങ്ങളോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ സന്നദ്ധ രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. National AIDS Control Organization ന്റെ 15 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകൾ ക്യാമ്പുകളിൽ നിന്നും ശേഖരിക്കുന്ന രക്തം സുരക്ഷിതമായി ബ്ലഡ് ബാങ്കുകളിൽ എത്തിക്കുവാൻ സഹായിക്കുന്നു. അങ്ങനെ കൂടുതൽ സന്നദ്ധരക്ത ദാന ക്യാമ്പുകൾ ജില്ലാ തലത്തിൽ സംഘടിപ്പിക്കുവാനും കഴിയും.<br>രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്ക്, ദൂരദർശനുമായും ആകാശവാണിയുമായും സഹകരിച്ച് കൂടുതൽ രക്തദാനം ചെയ്ത വ്യക്തികളേയും വിദഗ്ദ്ധരായ ഡോക്ടർമാരേയും ഉൾപ്പെടുത്തി പരിപാടികൾ സംപ്രേക്ഷണം ചെയ്തു വരുന്നു. |
| (ഇ) രക്തബാങ്കുകൾ ഇല്ലാത്ത പ്രദേശങ്ങളിലെ ആശുപത്രികളിൽ അടിയന്തിരമായി രക്തം നൽകുന്നതിനും അതാതിടങ്ങളിൽ നിന്നും രക്തം സ്വീകരിക്കുന്നതിനുമുള്ള സൗകര്യങ്ങളോടു കൂടിയ മൊബൈൽ ബ്ളഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) രക്ത ബാങ്കുകൾ പ്രവർത്തിക്കുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് 1940 പ്രകാരമാണ്. അതുപ്രകാരം ഒരു മൊബൈൽ ബ്ലഡ് ബാങ്കിന് നിയമസാധുതയില്ല. എന്നാൽ രക്തബാങ്കുകൾ ഇല്ലാത്ത പ്രദേശങ്ങളിലെ ആശുപത്രികളിൽ അടിയന്തിരമായി രക്തം ലഭിക്കുന്നതിന് രക്ത സംഭരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. ഈ രക്ത സംഭരണ യൂണിറ്റുകൾക്ക് ആവശ്യമായ രക്തം ശീതീകരണ സംവിധാനമുള്ള ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാൻ വഴി രക്ത ബാങ്കുകളിൽ നിന്ന് ശേഖരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ